# സമര സാക്ഷ്യങ്ങളുടെ കൊടുങ്കാറ്റ് വീശിയപ്പോൾ

**തങ്ങളുടെ** വിദ്യാഭ്യാസ ഭാവിക്ക് മീതെ ഉരുണ്ടുകൂടിയ കാർമേഘങ്ങൾ തുടച്ചുനീക്കാൻ അവർ കൊടുങ്കാറ്റായി ആഞ്ഞുവീശി. 'ഇടതുസർക്കാറിന്റെ വിദ്യാ'ഭാസ'ങ്ങൾ അവസാനിപ്പിക്കുക' എന്ന പ്രമേയവുമായി തലസ്ഥാനത്തെ സെക്രട്ടറിയേറ്റിലേക്കും, സംസ്ഥാനത്തെ മുഴുവൻ കലക്ടറേറ്റുകളിലേക്കും എസ്.ഐ.ഒ ആഹ്വാനം ചെയ്ത പ്രതിഷേധ മാർച്ചുകളിൽ പങ്കെടുത്ത വിദ്യാർഥികളായിരുന്നു അവർ. അത് നിമിഷാർധങ്ങളിൽ കത്തിജ്ജ്വലിച്ചതും നിമിഷാർധങ്ങൾ കൊണ്ട് കത്തിയമർന്നു പോയതുമായ സമരജ്വാലയായിരുന്നില്ല. വർഷങ്ങളായി നീറിപ്പുകഞ്ഞ് എരിഞ്ഞുയർന്ന തീജ്വാലയായി മാറുകയായിരുന്നു പ്രതിഷേധമാർച്ചുകൾ. ചരിത്രം അടിച്ചേൽപ്പിച്ച പരിമിതികളോട് അടിയറവു പറയാൻ തങ്ങൾ തയാറല്ല എന്ന പ്രകമ്പനമായിരുന്നു അവരുടെ ചലനങ്ങൾ നമ്മോട് പറഞ്ഞുകൊണ്ടിരുന്നത്. കൃത്യതയാർന്ന ചുവടുവെപ്പുകളല്ല ലക്ഷ്യസ്ഥാനത്തേക്ക് എത്തിക്കുന്നത്; ഉറച്ചതും തെറിച്ചതുമായ കാൽവെപ്പുകളാണ് സമൂഹത്തിലെ അധികാരവർഗങ്ങളിൽ അലോസരവും അസ്വസ്ഥതയും സൃഷ്ടിക്കുക. ജനകീയ വിദ്യാർഥി സംഘടനകൾ വളർന്നതിന്റെ പിന്നിലെ ഒരു ഇന്ധനം സമൂഹത്തിന്റെ തീക്ഷ്ണമായ അനുഭവങ്ങൾക്കൊപ്പം സഞ്ചരിക്കാൻ സാധിച്ചു എന്നതായിരുന്നു. സമ്പന്നമായ ചരിത്രമുള്ള ഒരു സമൂഹം ദരിദ്രമായ വർത്തമാനങ്ങളെ മറികടക്കുന്നത് പുറംതിരിഞ്ഞ് നിൽക്കുമ്പോഴല്ല, ഇടപെടുമ്പോൾ മാത്രമാണ്. വിപ്ലവം പേറ്റന്റെടുത്തവർ മാളത്തിലൊളിച്ചപ്പോൾ, രക്തരൂഷിതമായ കലാപങ്ങളിലൂടെ തെരുവിൽ അഴിഞ്ഞാടിയവർ എ.സി റൂമുകളിലിരുന്ന് വെടിപറഞ്ഞ് അടിയറവ് പറഞ്ഞപ്പോൾ, കീഴടങ്ങാൻ തയാറല്ലാത്ത പ്രക്ഷുബ്ധതയുടെ പ്രവാഹമായിരുന്നു ജൂലൈ 7,8,9 തീയതികളിൽ എസ്.ഐ.ഒ സംസ്ഥാന വ്യാപകമായി നടത്തിയ വിദ്യാർഥി പ്രക്ഷോഭങ്ങൾ. കലക്ടറേറ്റുകളിലേക്കും ഡി.ഡി ഓഫീസുകളിലേക്കും സെക്രട്ടറിയേറ്റിലേക്കും കരുത്തരായ പ്രവർത്തകർ ഇരച്ചുകയറിയപ്പോൾ സർവസന്നാഹങ്ങളുള്ള പോലീസുപോലും വിഭ്രാന്തിയിലായി. പക്ഷേ ആ വിഭ്രാന്തിയെ രാഷ്ട്രീയമായി മുതലെടുക്കാൻ അവർ ശ്രമിച്ചില്ല. പ്രക്ഷുബ്ധമായ മനസ്സിൽ അവർ ജനാധിപത്യത്തിന്റെയും അച്ചടക്കത്തിന്റെയും സഹനത്തിന്റെയും ഉയർന്ന മൂല്യങ്ങൾ അടുക്കിവെച്ചിരുന്നു.



*കോട്ടയം കലക്ടറേറ്റിലേക്ക് എസ്.ഐ.ഒ നടത്തിയ മാർച്ച് പോലീസ് തടയുന്നു*

പ്രക്ഷുബ്ധമായ സിരകൾ ശരീരത്തിൽ മാത്രമല്ല സമൂഹത്തിലും ചൂടുണ്ടാക്കുന്നു. പ്രതിരോധശേഷിയുള്ള ശരീരത്തിൽ മാത്രമല്ല സമൂഹത്തിലും ഊഷ്മാവിന്റെ അളവ് അൽപം കൂടുതലായിരിക്കും. സമരത്തിന്റെ ഫലം തോൽവിയോ ജയമോ എന്നതല്ല, സാമൂഹിക ഉത്തരവാദിത്വ നിർവഹണത്തിന്റെ ചാരിതാർഥ്യമാണ് അവരെ മുന്നോട്ടു നയിച്ചത്. അറസ്റ്റ് വരിക്കാനും റിമാന്റിലാവാനും അവരെ പ്രേരിപ്പിച്ചത് ഈ കർത്തവ്യബോധമാണ്. സ്വാശ്രയമെന്ന പേരിൽ സാമൂഹിക നീതിയെ അട്ടിമറിക്കുന്ന അവഗണനകളുടെ ഒരു നീണ്ട ചരിത്രം പറയാനുള്ള കുബേരൻമാരുടെയും മാഫിയകളുടെയും തീവെട്ടികൊള്ളക്ക് കടലാസിൽ ഒപ്പുവെക്കുന്ന, ഉന്നതപഠന ഗവേഷണങ്ങൾ പൂത്തുലഞ്ഞ് സർഗാത്മകതയുടെ വിളനിലമാവേണ്ട സർവകലാശാലകളെ എ.കെ.ജി സെന്ററുകളാക്കി മാറ്റുന്ന, സർക്കാർ പണം ചെലവഴിച്ച് നിരവധി കമ്മിറ്റികളെ ഏർപ്പെടുത്തി തയാറാക്കിയ റിപ്പോർട്ടുകൾ ഫയലിൽ കിടന്ന് ചിതലരിക്കുമ്പോൾ തിരിഞ്ഞ് നോക്കാത്ത, ഉച്ചക്കഞ്ഞി വിതരണത്തിൽ ക്രമക്കേടു നടത്തിയ, അലീഗഢ് സർവകലാശാലയുടെ വിഷയത്തിൽ ഇഴഞ്ഞുനീങ്ങുന്ന തുടങ്ങിയ നിരവധി കെടുകാര്യസ്ഥതയുടെ സങ്കേതമായ ഇടതുസർക്കാറിന്റെ വിദ്യാ'ഭാസ'ങ്ങൾ ഇനിയും പൊറുപ്പിക്കാനാവില്ല എന്ന നിശ്ചയ ദാർഢ്യമാണ് അവരെ തെരുവിലെത്തിച്ചത്. ആളും അർഥവുമല്ല, ആദർശവും ലക്ഷ്യവുമാണ് ഒരു സമരത്തിന്റെ മാറ്റു കൂട്ടുന്നതെന്ന് അവർ തെളിയിച്ചു. തങ്ങളുടെ പതാകയിൽ സാർവലൗകികതയുടെ നീലയും ശാന്തിയുടെ വെള്ളയും മാത്രമല്ല വിപ്ലവത്തിന്റെ കടുംചുവപ്പുമുണ്ടെന്ന് അവർ ഉറക്കെ വിളിച്ചുപറഞ്ഞു. അവരുടെ മുഖത്തിന് തിളക്കം കൂട്ടിയത് ക്രീമുകളായിരുന്നില്ല, തികഞ്ഞ രോഷമായിരുന്നു. സ്വാതന്ത്ര്യസമരങ്ങളും ഏകാധിപത്യഭരണ സമ്പ്രദായത്തിനെതിരെയുള്ള തീക്ഷ്ണമായ ചെറുത്തുനിൽപ്പുകളും സർഗാത്മകതയുടെ എഴുന്നള്ളത്ത് നടത്തിയിരുന്ന ചരിത്രസന്ദർഭങ്ങളും അവരുടെ മനസ്സിൽ മാത്രമല്ല മുഖഭാവങ്ങളിലും പ്രകടമായിരുന്നു. സമരം സമൂഹത്തിലെ മാലിന്യങ്ങളെ മാത്രമല്ല ആന്തരികമായ മാലിന്യങ്ങളെയും കരിച്ചുകളയുമെന്ന് അവരുടെ ആവേശങ്ങൾ തെളിയിച്ചുകൊണ്ടിരുന്നു. ഉൾവിശുദ്ധിയുടെ കരുത്ത് തെളിമയാർന്ന പ്രക്ഷോഭ സമരങ്ങൾ ആവിഷ്ക്കരിക്കാൻ അവർക്ക് സാധിച്ചു. പ്രക്ഷോഭ സമരങ്ങളിൽ നിരവധി പ്രവർത്തകർ (വയനാട്ടിലും, തിരുവനന്തപുരത്തും) ജയിലുകളും നിരവധി പ്രവർത്തകർ (മലപ്പുറം, കോട്ടയം) ലോക്കപ്പുകളും സന്തോഷത്തോടെ ഏറ്റുവാങ്ങി. വെടിയേറ്റ ഹസനുൽബന്നയുടെ തക്ബീറും കഴുമരത്തിൽ പുഞ്ചിരിയോടെ തൂങ്ങിയാടിയ സയ്യിദ് ഖുതുബിന്റെ വിശ്വാസവും വധശിക്ഷക്ക് കാത്തിരുന്ന മൗദൂദിയുടെ നിശ്ചയദാർഢ്യവും ജയിലുകളിൽ തലകീഴായി തൂക്കിയിട്ട സൈനബുൽ ഗസ്സാലിയുടെ സഹനവും അഹമദ് യാസീന്റെ ആത്മവിശ്വാസവും അവർക്ക് ആവേശത്തിന്റെ നിമിഷങ്ങൾ സമ്മാനിച്ചു.

ഏതൊരു വിദ്യാർഥി സംഘടനയും സമരങ്ങളിലൂടെയും നിസ്വാർഥ സേവനങ്ങളിലൂടെയും പഠനഗവേഷണങ്ങളിലൂടെയുമാണ് ജനമനസ്സുകളിൽ സ്ഥാനം പിടിക്കുന്നത്. അത്ഭുതകരമെന്ന് പറയട്ടെ, ഈ സംഘടനയുടെ മുദ്രാവാക്യവും അതുതന്നെയാണ്; പഠനം, സമരം, സേവനം!

**ശിഹാബ് പൂക്കോട്ടൂർ**
shihabciefl@gmail.com

# സംവരണം – സംഘടിത പ്രക്ഷോഭം അനിവാര്യം

**എറണാകുളം:** വിദ്യാഭ്യാസ-തൊഴിൽ മേഖലകളിൽ നിരന്തരം സംവരണ അട്ടിമറി തുടർന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ സംവരണ സംരക്ഷണത്തിന് സംഘടിത പ്രക്ഷോഭങ്ങൾ അനിവാര്യമാണെന്ന് സോളിഡാരിറ്റി സംസ്ഥാന ഘടകം സംഘടിപ്പിച്ച വിദഗ്ധ ചർച്ച അഭിപ്രായപ്പെട്ടു. കോടതിവിധികൾ പലപ്പോഴും ഇത്തരം അട്ടിമറികളെ സഹായിക്കുകയാണ്. സർക്കാർ – അർധ സർക്കാർ മേഖലകളിലെ നിയമനങ്ങളിൽ സംവരണം പാലിക്കപ്പെടുന്നില്ല. പുതിയ സാഹചര്യത്തിൽ സ്വകാര്യ മേഖലയിലും സംവരണം അനിവാര്യമാണ്. ഇതിന് പ്രക്ഷോഭങ്ങളല്ലാതെ പരിഹാരമില്ലെന്ന് ചർച്ച അഭിപ്രായപ്പെട്ടു.

മെറിറ്റ് ലിസ്റ്റിൽനിന്നും നിയമനം ലഭിക്കാനർഹതയുള്ള പിന്നാക്കക്കാരെ സംവരണ ലിസ്റ്റിൽപെടുത്തി സംവരണം അട്ടിമറിക്കുന്ന പി.എസ്.സി, നിയമത്തെ നടപടിക്രമം കൊണ്ട് തകർക്കുകയാണെന്ന് അലിഗഢ് മുസ്‌ലിം യൂനിവേഴ്സിറ്റി മുൻ പ്രോ-വൈസ് ചാൻസലർ പ്രഫ. കെ.എം ബഹാവുദ്ദീൻ പറഞ്ഞു. കേരളത്തിലെ ഉദ്യോഗസ്ഥ സവർണ ലോബിയാണ് പതിറ്റാണ്ടുകളായി ഈ വഞ്ചനയുടെ പിന്നണിയിൽ പ്രവർത്തിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു.

ഇപ്പോൾ സംവരണത്തിനെതിരായി കുരിശുയുദ്ധം നടത്തുന്ന മുന്നാക്ക സമുദായങ്ങളാണ് കേരളത്തിലാദ്യമായി സംവരണത്തിനായി സമരം നടത്തിയതെന്ന വസ്തുത മറക്കരുതെന്ന് തുടർന്ന് സംസാരിച്ച പെരിങ്ങമല ഇക്ബാൽ കോളേജ് മുൻ പ്രിൻസിപ്പൽ പ്രഫ. അബ്ദുൽവഹാബ് പറഞ്ഞു. തമിഴ് ബ്രാഹ്മണരുടെ ഉദ്യോഗസ്ഥ മേധാവിത്വത്തിനെതിരായിട്ടായിരുന്നു അന്ന് സമരം നടന്നത്. ക്രീമിലെയർ വെറും സാമ്പത്തിക പരിധിയുടെ പ്രശ്നം മാത്രമല്ല. കേരളത്തിൽ ജാതി തിരിച്ചുള്ള സെൻസസ് നടത്തുകയും ഓരോ വിഭാഗവും നേടിയ നിയമന ശതമാനം കണ്ടെത്തുകയും അതിന്റെ അടിസ്ഥാനത്തിൽ സംവരണം പുതുക്കി നിശ്ചയിക്കുകയും വേണമെന്ന് അദ്ദേഹം പറഞ്ഞു.

പിന്നാക്ക വിഭാഗങ്ങളുടെ സംവരണം അമ്പത് ശതമാനത്തിൽ കവിയരുതെന്ന കോടതി വിധി ദുർവ്യാഖ്യാനം ചെയ്തുകൊണ്ട് മൊത്തം പിന്നാക്ക നിയമനം അമ്പതു ശതമാനത്തിൽ ഒതുക്കി നിർത്തുകയാണ് ചെയ്തുകൊണ്ടിരിക്കുന്നതെന്ന് 'മെക്ക' സംസ്ഥാന സെക്രട്ടറി വി.കെ അലി അഭിപ്രായപ്പെട്ടു. യഥാർഥത്തിൽ പിന്നാക്കക്കാർക്ക് ജനസംഖ്യാനുപാതികമായി ഉദ്യോഗ സംവരണം ലഭിക്കേണ്ടതുണ്ട്.

സംവരണ വിരുദ്ധരിൽ നിന്നുണ്ടാകുന്ന നീക്കങ്ങൾ പിന്നാക്ക സമുദായങ്ങൾക്ക് ഒന്നിച്ചുനിന്ന് നേരിടാൻ സാധിക്കണമെന്ന് കേരള ലാറ്റിൻ കാത്തലിക് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് ഫെലിക്സ് ജെ. പുല്ലാടൻ പറഞ്ഞു. ഭരണഘടനാവിരുദ്ധമായ സാമ്പത്തിക സംവരണം ഇവിടെ നടപ്പിലാക്കപ്പെട്ടു കഴിഞ്ഞു. സംവരണാനുകൂല്യങ്ങൾ ലഭ്യമായ സമുദായങ്ങൾ സംവരണത്തിനുവേണ്ടിയുള്ള സമരങ്ങളിൽനിന്ന് പിന്നാക്കം പോവുകയാണ്. ഒരു ഘട്ടത്തിൽ ഈഴവ സമുദായം നായർ മുന്നാക്കക്കാരുടെ കൂടെ നിൽക്കുന്ന അവസ്ഥയുണ്ടായി. അനിവാര്യ ഘട്ടങ്ങളിൽ രാഷ്ട്രീയ തീരുമാനങ്ങൾ എടുപ്പിക്കാനുള്ള സമ്മർദശക്തിയായിമാറാൻ പിന്നാക്ക വിഭാഗങ്ങൾ ധൈര്യപൂർവം മുന്നോട്ടു വരണമെന്ന് അദ്ദേഹം പറഞ്ഞു.

അഖിലേന്ത്യാ തലവുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിൽ മുസ്‌ലിംകൾക്ക് കൂടുതൽ അവസരം ലഭിച്ചു എന്ന പ്രചാരണം അടിസ്ഥാന രഹിതമാണെന്ന് തിരുവനന്തപുരം വിമൻസ് കോളേജ് അധ്യാപകനും സാമ്പത്തിക ശാസ്ത്രജ്ഞനുമായ ഡോ. എം. കബീർ പറഞ്ഞു.

സംവരണം മുസ്‌ലിം വിഷയമാക്കി മാറ്റുന്നതിൽ മാധ്യമങ്ങൾ വിജയിച്ചിരിക്കുന്നു. ഇത് രാജ്യത്തെങ്ങുമുള്ള എല്ലാ പിന്നാക്ക വിഭാഗങ്ങൾക്കും ഇരുട്ടടിയായി തീരുമെന്ന് സംവരണ വിദഗ്ധനായ എം.ആർ സുഭാഷ് പറഞ്ഞു. പി.എസ്.സി സംവരണം അട്ടിമറിക്കുന്നില്ല. എന്നാൽ പിന്നാക്ക വിഭാഗക്കാരെ മെറിറ്റിൽ നിയമിക്കാതെ സംവരണത്തിലേക്ക് മാറ്റി വഞ്ചന നടത്തുകയാണ്. സംവരണവുമായി ബന്ധപ്പെട്ട കേസുകൾ എല്ലാം കോടതികളിൽ പരാജയപ്പെടുകയാണ്. അതിനാൽ ആദ്യം സംവരണം ഏർപ്പെടുത്തേണ്ടത് ജുഡീഷ്യറിയിലാണ്.

ഡോ. കെ.കെ ഉസ്മാൻ (മുൻ പി.എസ്.സി അണ്ടർ സെക്രട്ടറി), തിരുവനന്തപുരം മെഡിക്കൽ കോളേജ് അധ്യാപകൻ ഡോ. അൽതാഫ്, എം.വി കാസിം, കടയ്ക്കൽ അഷ്റഫ്, ഡോ. പി.എ അബൂബക്കർ, നസീർ പി. നേമം, പി.എസ്.സി അണ്ടർ സെക്രട്ടറി എ. അബ്ദുസ്സലാം, *മാധ്യമം* തിരുവനന്തപുരം ലേഖകൻ ഇ. ബഷീർ, വി.എ മുഹമ്മദ് അഷ്റഫ്, എ.എ ജലീൽ, എ.എം മുഹമ്മദ് ഉമർ, അസ്ഹർ തുടങ്ങിയവർ സംസാരിച്ചു. സോളിഡാരിറ്റി സംസ്ഥാന പ്രസിഡന്റ് പി. മുജീബുർറഹ്മാൻ അധ്യക്ഷത വഹിച്ചു. സംസ്ഥാന ജന. സെക്രട്ടറി എം. സാജിദ് വിഷയാവതരണം നടത്തി. ടി. മുഹമ്മദ് വേളം സ്വാഗതം പറഞ്ഞു.

**പി.ഐ നൗഷാദ്**